# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3 — 26/09/2016-ന് മറുപടിക്ക്

## അവാർഡുകൾ,ഉപഹാരങ്ങൾ,പാരിതോഷികങ്ങൾ എന്നിവ സ്വീകരിക്കുന്നത് സംബന്ധിച്ച്

**ചോദ്യം**

ശ്രീ. അബ്ദുൾ ഹമീദ് പി.

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും ഏർപ്പെടുത്തുന്നതോ, സ്പോൺസർ ചെയ്യുന്നതോ ആയ അവാർഡുകൾ, ഉപഹാരങ്ങൾ, പാരിതോഷികങ്ങൾ എന്നിവ ഉന്നത സർക്കാർ ഉദ്യോഗസ്ഥർ സ്വീകരിക്കുന്നതിൽ നിയന്ത്രണങ്ങൾ നിലവിലുണ്ടോ, എങ്കിൽ വിശദമാക്കുമോ ; | (എ) | ഉണ്ട്. 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ഒരു സർക്കാർ ജീവനക്കാരനും, സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ അയാൾക്കു വേണ്ടിയോ മറ്റൊരാളിനു വേണ്ടിയോ നേരിട്ടോ നേരിട്ടല്ലാതെയോ അയാളോ അയാളുടെ കുടുംബത്തിലെ മറ്റേതെങ്കിലും അംഗമോ അയാളുടെ ബന്ധുവല്ലാത്ത ഒരാളിൽ നിന്നും എന്തെങ്കിലും പാരിതോഷികമോ ഔദാര്യമോ ബഹുമതിപ്രതിഫലമോ സ്വീകരിക്കുവാൻ പാടില്ല. |
| (ബി) | നിയന്ത്രണങ്ങൾ നിലവിലില്ലെങ്കിൽ, ഇത്തരം ഉപഹാരങ്ങളിലൂടെ അല്ലെങ്കിൽ ആദരിക്കലിലൂടെ ഉദ്യോഗസ്ഥരെ സ്വാധീനിക്കാൻ ഉള്ള സാധ്യത കണക്കിലെടുത്ത് അതും ഒരു തരത്തിലുള്ള അഴിമതിയായി കണക്കാക്കി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുമോ ; | (ബി) | ബാധകമല്ല. |

| | | | |
|---|---|---|---|
| (സി) | സ്വകാര്യ സ്ഥാപനങ്ങളുടെ പ്രത്യേകിച്ചും കമേഴ്സ്യൽ സ്ഥാപനങ്ങളുടെ ഉപഹാരങ്ങൾ ഉന്നത ഉദ്യോഗസ്ഥർ സ്വീകരിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമാണോ | (സി) | ആവശ്യമാണ്. |
| (ഡി) | എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതൊക്കെ ഉദ്യോഗസ്ഥർ അനുമതി തേടിയിട്ടുണ്ട് ; ഏതൊക്കെ തീയതികളിൽ ? | (ഡി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**